**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 334** **16-09-2025 - ൽ മറുപടിയ്ക്ക്**

**പാചക വാതക സിലിണ്ടറുകളുടെ അനധികൃത ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതക സിലിണ്ടറുകൾ വാണിജ്യ ആവശ്യത്തിന് അനധികൃതമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | (എ) | ഉണ്ട്. ഗാർഹികാവശ്യത്തിനുള്ള പാചക വാതക സിലിണ്ടറുകളുടെ അനധികൃത ഉപയോഗം തടയുന്നതിനായി ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് (റഗുലേഷൻ ഓഫ് സപ്ലൈ & ഡിസ്ട്രിബ്യൂഷൻ) ഓർഡർ, 2000 പ്രകാരമുള്ള പരിശോധനകൾ ശക്തമാക്കുന്നതിലേക്ക് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>ഗാർഹിക പാചകവാതക സിലിണ്ടറുകൾ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നത് ഒഴിവാക്കാനായി ആധാർ ആതന്റിക്കേഷൻ, ഗാർഹിക സിലിണ്ടറുകളുടെ നിയന്ത്രിത ബുക്കിംഗ്, ഫീൽഡ് ഓഫീസർമാർ നടത്തുന്ന പരിശോധന, ഗാർഹിക സിലിണ്ടറുകളുടെ ഹോം ഡെലിവറി, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയയ്ക്കുന്ന കോഡ് പരിശോധിച്ചുറപ്പിച്ചതിനുശേഷം മാത്രം സിലിണ്ടർ വിതരണം ചെയ്യൽ എന്നിവ ഓയിൽ കമ്പനികൾ നടപ്പാക്കിയിട്ടുണ്ട്. മാർക്കറ്റിംഗ് ഡിസിപ്ലിൻ മാർഗ്ഗനിർദ്ദേശങ്ങൾ (MDG) പാലിച്ചാണ് എല്ലാ ഓയിൽ കമ്പനികളും അവരുടെ എൽപിജി വിതരണക്കാരും പ്രവർത്തിക്കുന്നത്. കൂടാതെ വിതരണക്കാരെ ഇടയ്ക്കിടെ ഓഡിറ്റിന് വിധേയരാക്കുകയും ഇത് പാലിക്കാത്തവർക്കെതിരെ ഓയിൽ കമ്പനികൾ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ 5 വർഷമായി ഇതുമായി ബന്ധപ്പെട്ട് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ നിന്നും, വിവിധ ജില്ലകളിലായി 43 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും പിടിച്ചെടുത്ത പാചകവാതക സിലിണ്ടറുകൾ സർക്കാരിലേക്ക്/ ഓയിൽ കമ്പനികളിലേക്ക് |

| | | | |
|---|---|---|---|
| | | | കണ്ടുകെട്ടി കൈമാറിയിട്ടുള്ളതും ടി കേസുകളിൽ ഉൾപ്പെട്ട കുറ്റക്കാരെ ജില്ലാ കളക്ടർ നേർമുഖകാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. 43 കേസുകളിൽ 3 എണ്ണം പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ 3 കേസുകളിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തിട്ടുമുണ്ട്. |
| (സി) | പാചകവാതക സിലിണ്ടറുകളുടെ സംഭരണ കേന്ദ്രങ്ങൾ പലതും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കാമോ? | (സി) | ഉണ്ട്. 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1955 ലെ എസ്സൻഷ്യൽ കമോഡിറ്റീസ് ആക്ട് പ്രകാരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു. 7 കേസുകളിൽ 1 കേസ് പോലീസ് സ്വമേധയാ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ